"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-വെള്ളിക്കീൽ ഇക്കോടൂറിസം പദ്ധതി വിപുലീകരണം പദ്ധതിയുടെ ഭാഗമായ വെള്ളിക്കീൽ ഇക്കോ പാർക്ക്, കണ്ണൂർ പദ്ധതി- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(എ) വകുപ്പ്**

സ.ഉ.(സാധാ) നം.151/2025/TSM തീയതി,തിരുവനന്തപുരം, 12-03-2025

---

പരാമർശം:-

1. 03.05.2019ലെ സ.ഉ.(കൈ) നം. 3/2019/ടൂറിസം നമ്പർ ഉത്തരവ്
2. 28.04.2021ലെ സ.ഉ.(അച്ചടി) നം.67/2021/ധന നമ്പർ ഉത്തരവ്
3. 28.09.2024ലെ സ.ഉ.(കൈ) നം.191/2024/RD നമ്പർ ഉത്തരവ്
4. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 30.12.2024ലെ DOT/14921/2023-P8 നമ്പർ കത്ത്.

**ഉത്തരവ്**

2022-23 ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം II(മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ) വാല്യം -1 ക്രമ നം. 158 പ്രകാരം എട്ട് കോടി രൂപ വകയിരുത്തിയ പദ്ധതിയാണ് വെള്ളിക്കീൽ ഇക്കോടൂറിസം പദ്ധതി വിപുലീകരണം. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെന്നും പദ്ധതി നടപ്പിലാക്കുന്നതിനായി ഇറിഗേഷൻ, റവന്യൂ, ആന്തൂർ മുൻസിപ്പാലിറ്റി എന്നിവരുടെ കൈവശമുള്ള സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചിട്ടുണ്ടെന്നും പദ്ധതി പ്രദേശത്തേയ്ക്കുള്ള വഴിയ്ക്കായി സ്വകാര്യ ഭൂമി മുൻസിപ്പാലിറ്റിയിലേക്ക് റിലിങ്കഷ് ചെയ്ത് വിനോദസഞ്ചാര വകുപ്പിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുവെന്നും പദ്ധതിക്ക് CRZ അനുമതി ലഭ്യമാകേണ്ടതുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം(4) പ്രകാരം അറിയിച്ചിരുന്നു.

(2). 18 മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന **വെള്ളിക്കീൽ ഇക്കോടൂറിസം പദ്ധതി വിപുലീകരണം** എന്ന പദ്ധതിയുടെ ഭാഗമായ **വെള്ളിക്കീൽ ഇക്കോ പാർക്ക്, കണ്ണൂർ** എന്ന പദ്ധതിയ്ക്ക്, ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി, **₹ 8,00,00,000/-രൂപ (എട്ട് കോടി രൂപ മാത്രം)** 5452-01-101-99-00-34-03 Up gradation, Creation of Infrastructure and Amenities(Plan) എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം(4) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

| ക്രമ നം. | ഘടകങ്ങളുടെ വിവരണം | എസ്റ്റിമേറ്റ് തുക(₹ ) |
|---|---|---|
| 1. | സിവിൽ വർക്സ് | 39580294.84 |
| 2. | പ്ലംബിംഗ് വർക്സ് | 68304.70 |
| 3. | ഇലക്ട്രിക്കൽ വർക്സ് | 3848667.09 |
| 4. | ബ്രിഡ്ജ്- വാക് വേ | 12921876.40 |
| | **ആകെ** | **56419143.03** |
| 5. | ആർക്കിടെക്ട് ഫീസ് | 846287.00 |
| | 1.5% of 56419143.03 | |
| 6. | ലാൻഡ് അക്വിസിഷൻ | 8238000.00 |
| 7. | സെന്റേജ് ചാർജ്ജ്<br>3.5% of 64657143.03 | 2263000.00 |
| | **ആകെ** | **67766430.03** |
| | GST@18% of 67766430.3 | 12197957.40 |
| | **ആകെ** | **79964387.43** |
| | Lumpsum for round off | 35612.57 |
| | **ആകെ** | **80000000.00** |

(3). സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, **വെള്ളിക്കീൽ ഇക്കോടൂറിസം പദ്ധതി വിപുലീകരണം** എന്ന പദ്ധതിയുടെ ഭാഗമായ **വെള്ളിക്കീൽ ഇക്കോ പാർക്ക്, കണ്ണൂർ എന്ന പദ്ധതിയ്ക്ക് 20% തുക വകയിരുത്തിയ പ്രവൃത്തിയായതിനാൽ CRZ അനുമതിയ്ക്ക് വിധേയമായി, ₹ 8,00,00,000/-രൂപ (എട്ട് കോടി രൂപ) ബഡ്ജറ്റ് വിഹിതത്തിൽ നിജപ്പെടുത്തിക്കൊണ്ട് 5452-01-101-99-00-34-03 Up gradation, Creation of Infrastructure and Amenities(Plan)** എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(4). പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും നടപടിക്രമങ്ങളും നിർബ്ബന്ധമായി പാലിക്കേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I&II) കേരളം, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

ധനകാര്യ(എക്സ്പെൻഡിച്ചർ-ബി)വകുപ്പ്)
(06.03.2025ലെ 3023048/വ്യയം ബി2/22/2025 നമ്പർ അഭിപ്രായപ്രകാരം)
വിവരപൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ)വകുപ്പ്
(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(ഫയൽ നം.ടൂർ-എ2/267/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Reena P P
Date: 12-03-2025 16:32:39

സെക്ഷൻ ഓഫീസർ

പകർപ്പ്

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്